കെ.കെ അഭിനവ്, പി.ആദിത്യ, സി.വി. അനഘ, കെ.പി അനുശ്രീ, ബിനുശ്രീ സദാനന്ദൻ, കെ.പി.ഫാത്തിമ ഷാന, എം.വി. ഫാത്തിമത്ത് ഷിഫാന, ഫാത്തിമത്തുൽ ഫിദ, കെ.എസ്.കാവേരി, പി.പി.നേഹസുധ, കെ.നിവേദ്, ടി.കെ.പ്രിയേഷ, കെ.പി. റഹീമ, പി.റിഷാന, കെ.സഫ്വാൻ, വി.വി. സാന്ദ്ര, പി.സ്നേഹ, ആർ.കെ. ശ്രീലക്ഷ്മി (എല്ലാവരും ശ്രീകണ്ഠപുരം ഗവ.ഹയർസെക്കന്ററി സ്കൂൾ)

SSLC ഫുൾ A+

എം.ആദിത്യ, പി.വി.അമൽ, എം.അഞ്ജലി, കെ.സി.അഞ്ജന, കെ.ആർ.അഞ്ജിമ,

പി.അശ്വത്ത്, എം.പി.അശ്വതി, ടി.ധീരജ്, ഇ.വി.ലക്ഷ്മി, സി.പി.മുഹമ്മദ് അജ്മൽ, എം.പി.നവ്യ മനോജ് (എല്ലാവരും കുറ്റേരി ഗവ.ഹയർ സെക്കന്ററി സ്കൂൾ)

എം.മുഹമ്മദ് ഫാസ്, കെ.റബീബ്, നവനീത പി, അശ്വതി സന്തോഷ്, ആതിര ഇടയത്ത്, കെ.പി.ഫസ്ന (എല്ലാവരും ചുഴലി ഗവ.ഹയർ സെക്കന്ററി സ്കൂൾ)

സ്വർണ്ണാഭരണം നഷ്ടപ്പെട്ടു

തളിപ്പറമ്പ: ചപ്പാരപ്പടവ് നിന്നും ആലക്കോടേക്കുള്ള യാത്രാമധ്യേ സ്വർണ്ണാഭരണം നഷ്ടപ്പെട്ടു. കണ്ടുകിട്ടുന്നവർ 9947398880 നമ്പറിൽ ബന്ധപ്പെടാൻ താൽപര്യം.

മുഅല്ലിം കിറ്റ് വിതരണം ചെയ്തു

തളിപ്പറമ്പ: സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ തളിപ്പറമ്പ റൈഞ്ചിലെ മുഅല്ലിംകൾക്ക് റമളാൻ കിറ്റും പെരുന്നാൾ വസ്ത്രവും വിതരണം ചെയ്തു. സംഗമം അബ്ബു റഹ്മാൻ സഖാഫിയുടെ അദ്ധ്യക്ഷതയിൽ എസ്. വൈ.എസ് സോൺ പ്രസിഡണ്ട് യു.കെ.മുഹമ്മദ് ബശീർ സഅദി ഉദ്ഘാടനം ചെയ്തു. കിറ്റ് വിതരണം പി.കെ. അബൂബക്കർ മുസ്ലിയാരും വസ്ത്ര വിതരണം കെ.പി.കെ മാലുദ്ധീൻ മുസ്ലിയാരും നിർവ്വഹിച്ചു. ബി.എ.അലി മൊഗ്രാൽ, പി.അബ്ദുല്ലാഹിൽ ഖാസിമി, ഇബ്റാഹിം ബാഖവി, ബദ്റുദ്ധീൻ അമാനി പ്രസംഗിച്ചു. കെ.പി.അബ്ദുൽ ജബ്ബാർ ഹാജി, മുസ്തഫ ഹാജി, സുബൈർ ഹാജി, കെ.അബ്ബു ല്ലത്വീഫ്, ദാവൂദ് കാര്യമ്പലം, ഹാഫിള് അശ്കർ അബ്ദുൽ അസീസ് മുസ്ലിയാർ എ.വി.അബ്ബു റഹ്മാൻ മുസ്ലിയാർ സംസാരിച്ചു.

അനുമോദനം നാളെ

ആലക്കോട്: എസ്.എസ്.എൽ.സി പരീക്ഷയിൽ നൂറ് ശതമാനം വിജയം നേടിയ തടിക്കടവ് ഗവ. ഹൈസ്കൂൾ വിദ്യാർത്ഥികൾക്കുള്ള അനുമോദന സമ്മേളനം നാളെ രാവിലെ പത്ത് മണിക്ക് സ്കൂളിൽ നടക്കും. പ്രശസ്ത ഫുട്ബോൾ താരം സി. കെ.വിനീത് ഉദ്ഘാടനം ചെയ്യും.

പോലീസ് അസോസിയേഷനെ രാഷ്ട്രീയ താൽപര്യങ്ങൾക്ക് ദുരുപയോഗിക്കുന്നു; കെ.സി. ജോസഫ്

കണ്ണൂർ: പോലീസ് അസോസിയേഷനെ സ്വന്തം രാഷ്ട്രീയ താൽപ്പര്യങ്ങൾക്കായി ദുരുപയോഗം ചെയ്യാൻ മുഖ്യമന്ത്രിയുടെ അറിവോടെ നടക്കുന്ന ശ്രമങ്ങൾ അപകടകരമായ പ്രത്യാഘാതങ്ങൾക്ക് വഴിതെളിക്കുമെന്ന് കോൺഗ്രസ് നിയമസഭാ കക്ഷി ഉപനേതാവ് കെ.സി. ജോസഫ് എം. എൽ.എ മുന്നറിയിപ്പ് നൽകി. തീക്കൊള്ളികൊണ്ട് തലചൊറിയനാണ് മുഖ്യമന്ത്രി ശ്രമിക്കുന്നത്. മുഖ്യമന്ത്രി പങ്കെടുക്കുന്ന അസോസിയേഷൻ യോഗത്തിലാണ് ചുവപ്പ് ഷർട്ടണിഞ്ഞ അമ്പതോളം പേർ ഒരു ഗ്രൂപ്പായി പങ്കെടുത്തത്. രക്ത സാക്ഷി സ്മാരകങ്ങൾ സമ്മേളന നഗരിയിൽ സ്ഥാപിച്ചും, ഇങ്കിലാബ് വിളിച്ചും, ലോഗോയുടെ നിറം മാറ്റിയും അസോസിയേഷനെ 'ചുവപ്പണി'യിക്കാനാണ് സി.പി.എം ശ്രമിക്കുന്നത്. ബി.ജെ.പിയുടെ 'കാവിവൽക്കരണ'ത്തിന്റെ മറ്റൊരു പതിപ്പാണിത്. ഇതെല്ലാം കണ്ടിട്ടും ഒരക്ഷരം ഉരിയാടാതെ സി.പി.എമ്മിന്റെ ഏറാൻമൂളിയായി മാറിയ ഡി.ജി.പി ബഹ്റ പോലീസ് സേനക്ക് തന്നെ അപമാനമാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തി.

പി.പി.ലക്ഷ്മണന്റെ വസതി എം.എം.ഹസൻ സന്ദർശിച്ചു

കണ്ണൂർ: അന്തരിച്ച മുതിർന്ന കോൺഗ്രസ് നേതാവും മുൻ കണ്ണൂർ നഗരസഭ ചെയർമാനും ഫിഫ അപ്പീൽ കമ്മിറ്റി അംഗവുമായ പി.പി.ലക്ഷ്മണന്റെ വീട്ടിൽ കെ.പി.സി.സി പ്രസിഡണ്ട് എം.എം.ഹസൻ സന്ദർശനം നടത്തി. ഡി.സി.സി പ്രസിഡണ്ട് സതീശൻ പാച്ചേനിയും അഡ്വ. സോണി സെബാസ്റ്റ്യനും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു.

ചെസ്റ്റ് ക്ലബ് ഭാരവാഹികളെ തിരഞ്ഞെടുത്തു

ഡോ. സഞ്ജീവ് കുമാർ — ഡോ.ജാഫർ ബഷീർ

തളിപ്പറമ്പ: ഉത്തര മലബാറിലെ നെഞ്ചു രോഗ വിദഗ്ധരുടെ കൂട്ടായ്മയായ നോർത്ത് മലബാർ ചെസ്റ്റ് ക്ലബ് ഭാരവാഹികളെ തിരഞ്ഞെടുത്തു. ഡോ. സഞ്ജീവ് കുമാർ തലശേരി (പ്രസിഡണ്ട്), ഡോ.ജാഫർ ബഷീർ തളിപ്പറമ്പ് (സെക്രട്ടറി), ഡോ. എം.രജനി പരിയാരം (വൈസ് പ്രസിഡണ്ട്), ഡോ. മനു മാത്യു ശ്രീകണ്ഠപുരം (ട്രഷറർ). യോഗത്തിൽ ഡോ.ഡി. കെ.മനോജ്, ഡോ.കെ.വി.പത്മനാഭൻ, ഡോ.മാത്യൂസ് സംബന്ധിച്ചു.

ഇസ്ലാഹി കുടുംബസംഗമം കെ.എൻ.എം ജില്ലാ വൈസ് ചെയർമാൻ പ്രൊഫ. ശംസുദ്ധീൻ പാലക്കോട് ഉദ്ഘാടനം ചെയ്യുന്നു

ഇസ്ലാഹി കുടുംബസംഗമം

കണ്ണൂർ: കെ.എൻ.എം കണ്ണൂർ മണ്ഡലത്തിന്റെ നേതൃത്വത്തിൽ ഇസ്ലാഹി കുടുംബസംഗമം ജില്ലാ വൈസ് ചെയർമാൻ പ്രൊഫ. ശംസുദ്ധീൻ പാലക്കോട് ഉദ്ഘാടനം ചെയ്തു. വി.അബൂബക്കർ കോയ അധ്യക്ഷത വഹിച്ചു. സി.സി.ശക്കീർ ഫാറൂഖി, ഫൈസൽ ചക്കരക്കൽ, ടി.പി.റുസീന, പി.വി.സത്താർ ഫാറൂഖി, ഹാരിസ് പുന്നക്കൻ, അബ്ദുൾ അസീസ് സ്വലാഹി, അൽഫസ് നന്മണ്ട, സി.ടി.ആയിഷ സംസാരിച്ചു.

ചിരിദിന സംഗമം

കണ്ണൂർ: നർമവേദി സംഘടിപ്പിച്ച ലോക ചിരിദിന സംഗമം പ്രസിഡണ്ട് ആർ.പ്രഭാകരൻ ഉദ്ഘാടനം ചെയ്തു. ടി.റിച്ചാർഡ് അധ്യക്ഷനായി. ടി.കെ.അശോകൻ, കെ.ശശിധരൻ, ഇ.വി.ജി.നമ്പ്യാർ, പി.കെ.രാമദാസ്, രാജൻ ചന്ദ്രോത്ത്, എ.സി.സനാതനൻ, കെ.എം.പ്രസീത, രമ ജി. നമ്പ്യാർ പ്രസംഗിച്ചു.

അയേൺ ഫാബ്രിക്കേഷൻ ആന്റ് എഞ്ചിനീയറിംഗ് അസോസിയേഷൻ ജില്ലാ കൺവെൻഷൻ നാളെ

തളിപ്പറമ്പ് : കേരള അയേൺ ഫാബ്രിക്കേഷൻ ആന്റ് എഞ്ചിനീയറിംഗ് യൂണിറ്റ് അസോസിയേഷൻ ജില്ലാ കൺവെൻഷൻ നാളെ രാവിലെ 9 മണിക്ക് ചിറവക്ക് ബാംബൂ ഫ്രഷ് ഓഡിറ്റോറിയത്തിൽ നടക്കുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു. ഈ രംഗത്ത് കടുത്ത മാന്ദ്യമാണ് ഇപ്പോൾ അനുഭവപ്പെടുന്നത്. വലിയ വാടകയും ഇലക്ട്രിസിറ്റി ബില്ലും നല്കി സ്ഥാപനം നടത്തുന്നവർക്ക് പിടിച്ചു നിൽക്കാൻ കഴിയാത്ത അവസ്ഥയാണ് ഉള്ളത്. അതേ സമയം യാതൊരു വിധ രജിസ്ട്രേഷനും ഇല്ലാതെ നികുതിയും മറ്റും നല്കാതെ സ്ഥാപനത്തിന്റെ മേൽവിലാസമില്ലാതെ ചിലർ ഈ മേഖലയിൽ ജോലി ചെയ്യുന്നത് അംഗീകൃത സ്ഥാപങ്ങളെ പ്രതിസന്ധിയിലാക്കുന്നുണ്ട്. ഗുണം കുറഞ്ഞ മെറ്റീരിയൽസ് ഉപയോഗിച്ചും സാങ്കേതിക തനിമയില്ലാതെയുമാണ് ഇവർ പ്രവൃത്തി ചെയ്യുന്നത്. കുറഞ്ഞ നിരക്ക് വാങ്ങുന്നതിനാൽ പലരും ഇവരെ വെച്ച് ജോലി ചെയ്യിക്കുന്നുമുണ്ട്. ഇത് ആത്യന്തികമായി നഷ്ടമാണെന്ന് മാത്രമല്ല ഈ മേഖലയോട് ഇടപാടുകാർക്കുള്ള വിശ്വാസവും തകരാൻ ഇടയാകുന്നുണ്ട്. ഈ സാഹചര്യത്തിൽ തൊഴിൽ മേഖല ശക്തിപ്പെടുത്താനുള്ള തീവ്ര ശ്രമത്തിലാണ് സംഘടനയെന്ന് ഭാരവാഹികൾ അറിയിച്ചു. കൺവെൻഷൻ മുൻ എം. എൽ.എ സി.കെ.പി പത്മനാഭൻ ഉദ്ഘാടനം ചെയ്യും. അസോസിയേഷൻ ജില്ലാ കമ്മിറ്റി അംഗം സി.വിജയൻ അധ്യക്ഷത വഹിക്കും. അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് എ.കെ.ബാബു, ട്രഷറർ എം.കൃഷ്ണൻ, ജോ.സെക്രട്ടറി വി.വി ജയൻ, വ്യാപാരി വ്യവസായി സമിതി ഏരിയാ വൈസ് പ്രസിഡന്റ് എം. അബ്ദു സംസാരിക്കും. കെഫ്കോൺ ചെയർമാൻ കെ. രവീന്ദ്രൻ ക്ലാസ് കൈകാര്യം ചെയ്യും. ജില്ലാ സെക്രട്ടറി ടി.വി. പ്രകാശൻ സ്വാഗതവും കെ.മനോഹരൻ നന്ദിയും പറയും. വാർത്താസമ്മേളനത്തിൽ വി.വിജയൻ, കെ. മനോഹരൻ, കെ.രാമചന്ദ്രൻ, പി.പി. അജേഷ്, സി.വജയൻ, ടി.വി.പ്രകാശൻ സംസാരിക്കും.

ഹെൽപ് ഡെസ്ക്ക് ആരംഭിച്ചു

തളിപ്പറമ്പ: കേരള ഹയർസെക്കണ്ടറി വകുപ്പിന്റെ കീഴിലുള്ള കരിയർ ഗൈഡൻസ് ആന്റ് അഡോൾസെൻസ് കൗൺസിലിങ് സെന്ററിന്റെ ആഭിമുഖ്യത്തിൽ പ്ലസ്വൺ ഏകജാലക പ്രവേശനത്തിനുള്ള ഹെൽപ് ഡെസ്ക്ക് 'ഫോക്കസ് പോയന്റ് -2018' മൂത്തേടത്ത് ഹയർസെക്കണ്ടറി സ്കൂളിൽ ആരംഭിച്ചു. 18 വരെ പ്രവർത്തിക്കും. പ്ലസ്വൺ ഏകജാലക അപേക്ഷ സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട സംവരണ ആനുകൂല്യം, ബോണസ് പോയന്റ്, ഓപ്ഷൻ നൽകുമ്പോഴും വിഷയങ്ങൾ തിരഞ്ഞെടുക്കുമ്പോഴും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവയിൽ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുമുള്ള സംശയനിവാരണം നടത്തും.

മന്ത്രോഗ നിർണ്ണയ ക്യാമ്പ് നടത്തി

തളിപ്പറമ്പ: തൃച്ചംബരം ശ്രീകൃഷ്ണ റസിഡന്റ് സ് അസോസിയേഷന്റെ നേതൃത്വത്തിൽ കേരള സർക്കാർ മന്ത് നിവാരണ യൂണിറ്റ് തളിപ്പറമ്പ കേന്ദ്രത്തിന്റെ സഹായത്തോടെ വിവിധ കേന്ദ്രങ്ങളിൽ മന്ത്രോഗ നിർണ്ണയ ക്യാമ്പ് നടത്തി. പി.ഗംഗാധരൻ, പി.വി.നാരായണൻകുട്ടി, സി.സി.ചന്ദ്രശേഖരൻ, സി.വി. സോമനാഥൻ, കെ.രാജൻ, കെ. എം.രാജൻ, പി.ജനാർദ്ദനൻ, ടി. വി.ഉണ്ണികൃഷ്ണൻ, പി.ലക്ഷ്മണൻ, സി.വി.മോഹനൻ, പി.നാരായണൻ നേതൃത്വം നൽകി.

കേരള അയേൺ ഫാബ്രിക്കേഷൻ & എഞ്ചിനീയറിംഗ് യൂണിറ്റ് അസോസിയേഷൻ (KIFEUA)

രജി. നമ്പർ MPM/CA/5102014

വെൽഡിങ്ങ് ഇൻഡസ്ട്രിയൽ യൂണിറ്റ് ഉടമകളുടെ സംസ്ഥാന സംഘടനയാണ് KIFEUA അസംഘടിതരായ സംസ്ഥാനത്തെ മുഴുവൻ വെൽഡിംഗ് യൂണിറ്റ് ഉടമകളെയും ഒരുമിപ്പിക്കുന്നതിനും ന്യായമായ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനും കൂട്ടായ്മയിലൂടെ ഉന്നത സാങ്കേതിക വിജ്ഞാനം എല്ലാവരിലും എത്തിക്കാനും സ്ഥാപനത്തിൽ ജോലി ചെയ്യുന്നവരുടെ ക്ഷേമത്തിനും തൊഴിലവസരങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനും രാഷ്ട്ര പുരോഗമനത്തിന്റെ വളർച്ചയിൽ ഒരു കണ്ണിയാവാനും അശാസ്ത്രീയമായ ഒരു കിടമത്സരം ഇല്ലാതാക്കാനും ഓരോ യൂണിറ്റ് ഉടമയും KIFEUA എന്ന സംഘടനയിൽ അണിചേർന്ന് സംഘടനയെ ശക്തിപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. സംഘടനയുടെ കണ്ണൂർ ജില്ലാ കൺവെൻഷൻ 2018 മെയ് 15-ാം തീയതി രാവിലെ 9 മണിക്ക് തളിപ്പറമ്പ ചിറവക്കിൽ ഉള്ള ബാംബൂഫ്രഷ് ഓഡിറ്റോറിയത്തിൽ ബഹുമാനപ്പെട്ട തളിപ്പറമ്പ മുൻ എം.എൽ.എ ശ്രീ.സി. കെ.പി.പത്മനാഭൻ അവർകൾ ഉദ്ഘാടനം ചെയ്യുന്നു.

ഇരുമ്പ് ഉൽപന്നങ്ങളുടെ അനിയന്ത്രിതമായ വില വർധനയും യൂണിറ്റ് ഉടമകളുടെ ആരോഗ്യകരമല്ലാത്ത കിടമത്സരവും ഒരു തരത്തിലും അംഗീകരിക്കാൻ പറ്റാത്ത മൊബൈൽവർക്കർമാരുടെ (യാതൊരു ലൈസൻസുകളും എടുക്കാത്ത) കടന്നുകയറ്റം കൊണ്ടും ഇന്ന് പല യൂണിറ്റുകളും തകർന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിലാണ് എത്തിനിൽക്കുന്നത്. കുത്തക ഇരുമ്പ് ഉൽപാദകരുടെ ഉൽപന്നങ്ങൾ ചിലവഴിക്കുന്ന യന്ത്രമായി മാറാൻ വേണ്ടിയല്ല നമ്മൾ സ്ഥാപനങ്ങൾ തുടങ്ങിയത് എന്ന് ഓർമ്മിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. സ്ഥാപനത്തിന്റെയും നമ്മുടെ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടേയും കുടുംബ ഭദ്രതയ്ക്കും സാമ്പത്തിക പുരോഗതിക്കും പിൻ തലമുറയ്ക്ക് ഉപയോഗപ്രദമാകും വിധത്തിൽ ഓരോ യൂണിറ്റുകളും ശക്തിപ്പെടുത്താൻ കുറേയേറെ അറിവുകൾ അനിവാര്യമാണ്. അത് നമുക്ക് KIFEUA എന്ന സംഘടനയിലൂടെ മാത്രമേ നേടിയെടുക്കുവാൻ കഴിയുകയുള്ളൂ. പ്രസ്തുത സമ്മേളനത്തിൽ താങ്കളുടെ പങ്കാളിത്തവും ഉപദേശവും നിർദേശവും ഉണ്ടായിരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്ന്, സെക്രട്ടറി
കേരള അയേൺ ഫാബ്രിക്കേഷൻ & എഞ്ചിനീയറിംഗ് യൂണിറ്റ് അസോസിയേഷൻ (KIFEUA), കണ്ണൂർ ജില്ലാ കമ്മിറ്റി

കണ്ണൂർ ജില്ലാ കൺവെൻഷൻ

നാളെ രാവിലെ 9 മണിക്ക്
ചിറവക്ക് ബാംബൂഫ്രഷ് ഓഡിറ്റോറിയത്തിൽ

ഉദ്ഘാടനം

കാലത്ത് 9ന് : രജിസ്ട്രേഷൻ

9.45ന് പതാക ഉയർത്തൽ

സി.കെ.പി.പത്മനാഭൻ (മുൻ എംഎൽഎ)

സ്വാഗതം

ടി.വി.പ്രകാശൻ (KIFEUA ജില്ലാ സെക്രട്ടറി)

അധ്യക്ഷൻ

സി.വിജയൻ (KIFEUA ജില്ലാ പ്രസിഡണ്ട്)

ക്ലാസ്സ്

കെ.പി.രവീന്ദ്രൻ (കെഫ്കോൺ ചെയർമാൻ)

പ്രസംഗം

എം.കെ.ബാബു (KIFEUA സംസ്ഥാന പ്രസിഡണ്ട്)

എം.കൃഷ്ണൻ (KIFEUA സംസ്ഥാന ട്രഷറർ)

വി.വിജയൻ (KIFEUA സംസ്ഥാന ജോ.സെക്ര)

എം.അബ്ദു (വ്യാപാരി വ്യവസായി സമിതി ഏരിയ വൈസ് പ്രസിഡണ്ട്)

നന്ദി.

കെ.മനോഹരൻ

ആശംസകളോടെ

കെ. ചന്തുക്കുട്ടി — പി. സുജയൻ — എ.വി. രമേശൻ — സജീർ. പി.കെ. — ബിനോ വി.ടി

ആർ. കെ. പ്രമോദ് — പി.പി. അജേഷ് — കെ.വി. ഉത്തമൻ — കെ. രാധാകൃഷ്ണൻ — പി.വി. പ്രകാശൻ — കെ.പി. വിനോദ് — നികേഷ് — രാമചന്ദ്രൻ — അജിത്ത് — രഞ്ജിത്ത് — മുനീർ — മനീഷ് കുമാർ — നാരായണൻ